**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1660 11/2/2013-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, സി.പി. മുഹമ്മദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.പി.മോഹനനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നിറവ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുകയും വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യുക, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജൈവ കൃഷി വ്യാപിപ്പിക്കുക, മൂല്യ വർദ്ധനവിലൂടെയും ഉല്പന്ന വൈവിധ്യവല്ക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ വിത്ത് മുതൽ വിപണി വരെയുള്ള സമഗ്ര കാർഷിക വികസനമാണ് പദ്ധതിയുടെ ലക്ഷ്യം. |
| ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയനുസരിച്ച് കർഷകർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഈ പദ്ധതിയനുസരിച്ച് ആർ.കെ.വി.വൈ. ഫണ്ടുപയോഗിച്ച് ഓരോ നിയോജക മണ്ഡലത്തിലും 2 കോടി രൂപയിൽ കവിയാത്തതും അതതു മണ്ഡലത്തിന്റെ കാർഷിക സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്നതുമായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യ കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാകും. |

| | | | |
|---|---|---|---|
| സി | ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | സി) | കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പ്രസ്തുത പദ്ധതി കൃഷി അനുബന്ധ വകുപ്പുകളായ മൃഗ സംരക്ഷണം, മണ്ണു സംരക്ഷണം, ഫിഷറീസ്, ക്ഷീര വികസനം, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കെ.എൽ.ഡി.സി. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ കോർപ്പറേഷൻ/ബോർഡുകൾ എന്നിവയുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |
| ഡി | എത്ര നിയോജകമണ്ഡലത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്; | ഡി) | സംസ്ഥാനത്തെ10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| | ജില്ല | | നിയോജക മണ്ഡലം |
|---|---|---|---|
| 1. | കണ്ണൂർ | - | കൂത്തുപറമ്പ് |
| 2. | കോഴിക്കോട് | - | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 3. | വയനാട് | - | കല്പറ്റ |
| 4. | മലപ്പുറം | - | കോട്ടയ്ക്കൽ |
| 5. | തൃശ്ശൂർ | - | കൊടുങ്ങല്ലൂർ |
| 6. | എറണാകുളം | - | പറവൂർ |
| 7. | ഇടുക്കി | - | തൊടുപുഴ |
| 8. | ആലപ്പുഴ | - | ചെങ്ങന്നൂർ |
| 9. | കൊല്ലം | - | പത്തനാപുരം |
| 10. | കോട്ടയം | - | പാലാ |

| | | | |
|---|---|---|---|
| ഇ | എല്ലാ മണ്ഡല ങ്ങളിലും ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇ) | വരും വർഷങ്ങളിൽ നിറവ് പദ്ധതി എല്ലാ മണ്ഡലങ്ങളിലും വ്യാപിപ്പിക്കുന്നതാണ് |

(signature)

**സെക്ഷൻ ഓഫീസർ**